# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239 — 10.12.2014 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>,, ഇ. പി. ജയരാജൻ :<br>ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും മതിയായ യോഗ്യതയില്ലാത്തവർ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരായി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) ഇല്ല. ആരോഗ്യവകുപ്പിന് നിലവിൽ സ്വകാര്യ ആശുപത്രികളുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. |
| (ബി) ഇത്തരം സ്ഥാപനങ്ങൾ മിക്കവയും ചികിത്സയ്ക്കായി അമിത ഫീസാണ് വസൂലാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഇല്ല. |
| (സി) സ്വകാര്യ ചികിത്സാമേഖലയിലെ പ്രസ്തുത ചൂഷണങ്ങൾ തടയുന്നതിന് സമഗ്ര നിയമനിർമ്മാണത്തിന് തയ്യാറാകുമോ ? | (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ -മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയും ആണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു മേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ